വർഷത്തിൽ പൂർത്തിയാക്കുവാനാണ് വിഭാവന ചെയ്തിരിക്കുന്നത്. അതോടെ മില്ലുകളുടെ പ്രവർത്തനം ലാഭകരമാക്കുവാൻ സാധിക്കുന്നതാണ്.

30 (*150) സമുദ്രാതിർത്തി ലംഘിച്ച് വിദേശ ബോട്ടുകൾ നടത്തുന്ന മീൻപിടിത്തം

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമുദ്രാതിർത്തി ലംഘിച്ച് വിദേശ ബോട്ടുകളും കപ്പലുകളും മത്സ്യബന്ധനം നടത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മത്സ്യബന്ധനം നടത്തിയ എത്രബോട്ടുകളും കപ്പലുകളും ഈ വർഷം ഇതുവരെ പിടിച്ചെടുത്തിട്ടുണ്ട്;

(സി) ട്രോളിംഗ് നിരോധനകാലത്ത് വിദേശ മത്സ്യബന്ധന യാനങ്ങളും കപ്പലുകളും നമ്മുടെ തീരപ്രദേശങ്ങൾക്ക് മത്സ്യബന്ധനം നടത്തുന്നതുതടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നിരോധന സമയത്ത് എല്ലാ മത്സ്യബന്ധന യാനങ്ങളുടെയും കൊച്ചി തുറമുഖത്തുനിന്നുള്ള പ്രവർത്തനവും കേരള കടൽ തീരത്തോടു ചേർന്നുള്ള ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലുള്ള മത്സ്യബന്ധനവും നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സമുദ്രാതിർത്തി ലംഘിച്ചുകൊണ്ടുള്ള വിദേശ ബോട്ടുകളുടെയും കപ്പലുകളുടെയും മത്സ്യബന്ധനം തടയാൻ കോസ്റ്റ്ഗാർഡ് ജാഗ്രത പുലർത്തുന്നുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (525) ടൈറ്റാനിയം ഫാക്ടറിയുടെ നവീകരണം

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. എം.എ. തോമസ് :

ശ്രീ. ജി. സുധാകരൻ :

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഈ വർഷം പുതുതായി വ്യവസായം ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയുടെ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതും അസംസ്കൃത വസ്തു ഏറെ സുലഭമായി ലഭിച്ചു വരുന്നതുമായ ടൈറ്റാനിയം ഫാക്ടറി സംസ്ഥാനത്ത് പുതുതായുള്ള വ്യവസായ സംരംഭത്തിൽ ഉൾപ്പെടുത്തി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ടൈറ്റാനിയം ഫാക്ടറിയുടെ നവീകരണത്തിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ജർമ്മൻ കമ്പനിയുമായി ആലോചനയിലുള്ള നടപടികൾ പൂർത്തിയായി മോഡേണൈസേഷൻ നടപടി സ്വീകരിച്ചാൽ ഇന്ന് തിരുവനന്തപുരം ടൈറ്റാനിയം ഫാക്ടറി നേരിടുന്ന മലിനീകരണ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) ടൈറ്റാനിയം ഫാക്ടറിയുടെ കഴിഞ്ഞ വർഷത്തെ ലാഭം എത്ര കോടിയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ ചില വികസന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നതേയുള്ളൂ. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ ഏതാണ്ട് 45 ഓളം സംരംഭങ്ങൾ ഈ വർഷം തുടങ്ങാനാവുമെന്ന് കരുതുന്നു. ചവറ മുതൽ ആറാട്ടുപുഴ വരെയുള്ള തീരപ്രദേശത്ത് ലഭ്യമായ ലോഹമണൽ ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ഒരു ഇൽമനൈറ്റ് പ്ലാന്റും സിന്തറ്റിക് റൂടൈൽ പ്ലാന്റും സ്ഥാപിക്കുന്നതിനായി ഒരു പ്രീഫീസിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഭാഗമായി 18 കോടി രൂപ ചെലവിൽ ചേർത്തലയിൽ ഒരു ഗ്രൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടിന് ഉടൻതന്നെ അംഗീകാരം നൽകുന്നതാണ്.

(ബി)&(സി) കെ.എം.എം.എൽ. മൊത്തം 782.41 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

(1) പ്രതിവർഷം 3 ലക്ഷം ടൺ ഇൽമനൈറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് 292.47 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു മിനറൽ സെപ്പറേഷൻ പ്ലാന്റ്.

(2) ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് യൂണിറ്റിന്റെ വാർഷിക ഉൽപ്പാദനം 60,000 മെ. ടൺ ആയി ഉയർത്തുന്നതിന് 415.99 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതി.

(3) പ്രതിദിനം 100 മെട്രിക് ടൺ ഓക്സിജൻ ഉൽപ്പാദിപ്പിക്കുന്നതിന് 51.82 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു പ്ലാന്റ്.

LIBRARY ARCHIVES Kerala Legislative Assembly

(4) 22.13 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു അത്യാധുനിക ഓട്ടോമാറ്റിക് പാക്കിംഗ് സിസ്റ്റം.

(ഡി) മലിനീകരണം തടയുന്നതോടൊപ്പം ആധുനികവൽക്കരണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ ഇവ ഉൾപ്പെട്ട ഒരു പദ്ധതി നിർദ്ദേശം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡിൽ നടപ്പാക്കുന്നതിന് ഒരു ജർമ്മൻ കമ്പനിയുമായി ചർച്ച ചെയ്യുന്നതിന് ഒരു രണ്ടംഗ ഉദ്യോഗസ്ഥ സംഘത്തെ ജർമ്മനിയിലേയ്ക്ക് അയയ്ക്കുന്നകാര്യം പരിഗണിച്ചുവരുന്നു.

(ഇ) പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(എഫ്) നടപടികൾ സ്വീകരിച്ചുവരികയാണ്.

(ജി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടസ് ലിമിറ്റഡിന്റെ കഴിഞ്ഞ വർഷത്തെ ലാഭം (ഓഡിറ്റിനു വിധേയം), 13.94 കോടി രൂപയും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന്റെ ലാഭം ഏകദേശം 100 കോടി രൂപയുമാണ്.

2 (526) വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കോർപ്പറേഷന്റെ ഏതൊക്കെ മേഖലകളിലെ പ്രവർത്തനത്തിനാണ് മാറ്റം ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സാമ്പത്തികവർഷം കോർപ്പറേഷൻ ഏതൊക്കെ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഇ) കോർപ്പറേഷന്റെ സാമ്പത്തികസഹായം ലഭിക്കുന്നത് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം കോർപ്പറേഷൻ ലാഭം പ്രതീക്ഷിച്ചിരുന്നുവോ; എങ്കിൽ എത്ര;

(ജി) പ്രതീക്ഷിച്ചിരുന്ന ലാഭം കോർപ്പറേഷനു ലഭിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനഫലമായി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ കോർപ്പറേഷൻ എന്തു നേട്ടം കൈവരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഐ) വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly